**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 99 | 29-09-2016 -ൽ മറുപടിക്ക്

## ദേശീയ ദുരന്ത നിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. എസ്.രാജേന്ദ്രൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ദേശീയ ദുരന്ത നിവാരണ അതോറിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തിന് മാത്രമായി പ്രത്യേക മാർഗനിർദേശങ്ങൾ കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര ദുരന്ത നിവാരണ നിയമം 2015 അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും പ്രാദേശികമായ ദുരന്ത സാദ്ധ്യതാ അപഗ്രഥനം നടത്തി സംസ്ഥാനത്തിന് തനതായതും ജില്ലകൾക്ക് തനതായതുമായ ദുരന്ത ലഘൂകരണ പദ്ധതി തയാറാക്കണം എന്ന കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത ജില്ലാതല പദ്ധതികളും സംസ്ഥാന പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | സംസ്ഥാന തലത്തിൽ ദുരന്ത ലഘൂകരണ പദ്ധതി നടപ്പിൽ വരുത്തുവാൻ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രവും, ജില്ലാ തലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും, ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. തൃശ്ശൂർ കേന്ദ്രമായി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു ടീമിനെ നിലനിർത്തിവരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ സേനക്ക് കൊച്ചി കേന്ദ്രമായി പ്രാദേശിക പ്രതികരണ കേന്ദ്രം നിർമ്മിക്കുവാൻ 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെയുള്ള ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തലഘൂകരണ കേന്ദ്രം |

| | | | |
|---|---|---|---|
| | | | തൃശ്ശൂരിൽ പ്രവർത്തന ക്ഷമമാക്കുവാൻ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതേ രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിനു കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമാണം പൂർത്തീകരിച്ചു വരുന്നു. 2017 മഴക്കാലത്തിനു മുൻപ് പൂർണ തോതിൽ പുതിയ കേന്ദ്രത്തിൽ നിന്നും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കത്തക്ക തരത്തിലുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ